**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രത്തിലെ ചുമർ ശില്പഭംഗി സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രത്തിലെ ചുമർ ശില്പഭംഗി സംരക്ഷിക്കുന്നതിന് ആർക്കിയോളജി വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടാത്തതിനാൽ വകുപ്പിന്റെ സാങ്കേതിക നിർദ്ദേശത്തിൽ ദേവസ്വം വകുപ്പിനു തന്നെ സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കാവുന്നതാണ്. |
| (ബി) | പഴശ്ശി രാജാവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പ്രസ്തുത ക്ഷേത്രവും കോവിലകവും വലിയ ക്ഷേത്രചിറയുമെല്ലാം ബന്ധപ്പെടുത്തി ഒരു പുരാവസ്തു ശില്പ പഠന കേന്ദ്രവും മ്യൂസിയവും സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ഈ വിഷയത്തിൽ നിലവിൽ സർക്കാർ മുമ്പാകെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ